**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 634** **28-06-2022 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | പരമ്പരാഗത കയർ വ്യവസായ മേഖലയെ ആധുനീകരണവും യന്ത്രവൽക്കരണവും നടത്തി തൊഴിലാളികളുടെ വേതനവും തൊഴിലും ഉറപ്പാക്കി സംരക്ഷിക്കുന്നതിനായി ആരംഭിച്ച പദ്ധതിയായിരുന്നു കയർ രണ്ടാം പുനഃസംഘടന. കയർ വ്യവസായം നേരിട്ടുകൊണ്ടിരുന്ന പ്രധാന പ്രതിസന്ധികളിലൊന്നായ ചകിരിയുടെ ദൗർലഭ്യം, തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ടും പരിഹരിക്കാൻ രണ്ടാം പുനഃസംഘടനാ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 8000 മുതൽ 100000 തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉൽപ്പാദന ശേഷി 29000 ടൺ ആയി ഉയർത്താൻ സാധിച്ചു. കേരളത്തിന് ആവശ്യമായ ചകിരിയുടെ 48% കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നു. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേൻമ ഉറപ്പാക്കി വർഷം മുഴുവൻ വിലവ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതു വഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽ നിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23/- രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകി വരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുക വഴി 2021-22 ൽ 18662 ടൺ കയർ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ ദിവസ വേതനം ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിൻ സ്ഥാപിച്ച സംഘങ്ങളിൽ 500 രൂപയാക്കി ഉയർത്താൻ സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതിയിലൂടെ വേതനത്തിന്റെ ഒരു ഭാഗം |

| | | | |
|---|---|---|---|
| | | | പരമാവധി 110 രൂപ സർക്കാർ ധനസഹായമായി പരമ്പരാഗത റാട്ടുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നൽകി വരുന്നു. കയർ വകുപ്പ് നടപ്പിലാക്കി വരുന്ന കയർ ഭ്രവസ്ത്ര പദ്ധതിയിലൂടെ, ഉല്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനും കയർ പിരി ഉല്പന്ന മേഖലകളിലെ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം തന്നെ കയർ വ്യവസായ മേഖലയെ പ്രതിസന്ധികളിൽ നിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും കയർ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കുവാൻ സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ